"ഭരണഭാഷ – മാതൃഭാഷ"

ഡിസിപിയു എംപിഎം 2886/2024

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറുടെ കാര്യാലയം
മൂന്നാം നില , മിനി സിവിൽ സ്റ്റേഷൻ, മഞ്ചേരി,
മലപ്പുറം ജില്ല .ഫോൺ: 0483 2978888
dcpumpm@gmail.com തീയതി: 12/08/2024

വിജ്ഞാപനം

വിഷയം : വനിതാ ശിശു വികസന വകുപ്പ് -മിഷൻ വാത്സല്യ – ചൈൽഡ് ഹെൽപ് ലൈൻ, മലപ്പുറം ജില്ലയിലേക്ക് കൗൺസിലർ, കേസ് വർക്കർ തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) കേന്ദ്ര വനിത ശിശു വികസന മന്ത്രാലയം 31.03.2023 ന് പുറപ്പെടുവിച്ച CW-II – 22/42/2022 നമ്പർ ചൈൽഡ് ഹെൽപ്പ് ലൈൻ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ

2)വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ ICPS – 5/079/2023 നമ്പർ 04.07.2023 തീയതിയിലെ സർക്കുലർ

മിഷൻ വാത്സല്യ പദ്ധതിയുടെ ഭാഗമായി വനിത ശിശു വികസനവകുപ്പ് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ കീഴിൽ നടപ്പിലാക്കുന്ന ചൈൽഡ് ഹെൽപ് ലൈനിന്റെ മലപ്പുറം ജില്ലാ ഓഫീസിലേക്ക് ചുവടെ പറയുന്ന തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

NOTIFIED POSTS FOR CHILD HELPLINE UNIT AT DCPU

| S. No. | Position | Number of Staff | Qualification | Maximum Age (As on date of notification) | Salary (subject to government approval |
|---|---|---|---|---|---|
| 1 | Counsellor | 1 | Graduate in Social work/Sociology/Psychology/Public Health/ Counselling from a recognized university.<br>OR<br>PG Diploma in Counselling and Communication.<br><br>Experience: At least 1 year of working experience with the Govt./NGO preferably in the field of Women &Child Development.<br>Proficiency in Computers. | 50 years | 23,000/ |
| 2 | Case worker | 1 | 12th passed from a recognized Board/ Equivalent Board. Good Communication Skills. Weightage for experienced candidate. | 50 years | 18,000/ |

മേൽ സൂചിപ്പിച്ച ഒഴിവുകളിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികൾ നിശ്ചിത ഫോറത്തിലുള്ള അപേക്ഷയിൽ ഫോട്ടോ പതിപ്പിച്ച്, യോഗ്യത, പ്രവർത്തിപരിചയം, വയസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം 27/08/2024 തീയതി വൈകിട്ട് 5 മണിക്ക് മുൻപായി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറുടെ കാര്യാലയം, വനിത ശിശു വികസന വകുപ്പ്, മൂന്നാം നില, മിനി സിവിൽ സ്റ്റേഷൻ, മഞ്ചേരി– 676121 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- അപേക്ഷകർ ഇതോടൊപ്പം ചേർത്തിട്ടുള്ള നിശ്ചിത ഫോറത്തിൽ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- അപേക്ഷയോടൊപ്പം വയസ്സ്, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉണ്ടായിരിക്കേണ്ടതാണ്.
- നിശ്ചിത ഫോറത്തിലല്ലാത്തതോ, അപൂർണമായതോ, രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യിട്ടില്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- അപേക്ഷയുടെ കവറിന് പുറത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേര് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അപേക്ഷകൾ ഈ കാര്യാലയത്തിൽ നേരിട്ടോ രജിസ്റ്റേഡ് സ്പീഡ് പോസ്റ്റ് ആയോ മാത്രം സമർപ്പിക്കേണ്ടതാണ്.
- 2024 ഓഗസ്റ്റ് 27 ന് വൈകിട്ട് 5 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- വൈകി ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- അഭിമുഖവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ഇ-മെയിൽ മുഖാന്തിരമായിരിയ്ക്കും. ആയതിനാൽ ഇ-മെയിൽ ഐ.ഡി. കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

നിയമനപ്രക്രിയ

- സമർപ്പിക്കപ്പെട്ട അപേക്ഷയും പ്രവർത്തിപരിചയവും വിശദമായി പരിശോധിച്ച് സ്ക്രീനിംഗ് നടത്തി യോഗ്യമായ അപേക്ഷകൾ മാത്രം തെരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അധികാരം ജില്ലാ തല സെലക്ഷൻ കമ്മിറ്റിക്ക് ഉണ്ടായിരിക്കും.
- ഉദ്യോഗാർത്ഥികളുടെ എണ്ണം കൂടുതലാണെങ്കിൽ ഉചിതമായ സ്ക്രീനിംഗ് മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കാൻ പൂർണ്ണ അധികാരം സെലക്ഷൻ കമ്മിറ്റിക്ക് ഉണ്ടായിരിക്കും.
- ഉദ്യോഗാർത്ഥികളുടെ അപേക്ഷയും പ്രവർത്തിപരിചയവും പരിഗണിച്ച് യോഗ്യരായവർക്ക് മാത്രമായിരിക്കും എഴുത്തുപരീക്ഷ, അഭിമുഖം സംഘടിപ്പിക്കുക.
- ചൈൽഡ് ഹെൽപ്പ് ലൈൻ & എമർജൻസി ഹെല്പ് ലൈൻ എന്നിവയിൽ പ്രവർത്തിച്ച് മുൻപരിചയമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
- അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന അന്തിമ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുക.
- ആദ്യ ഘട്ടത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരുവർഷത്തേക്ക് ആയിരിക്കും നിയമനം.
- ചൈൽഡ് ഹെൽപ്പ് ലൈൻ കേസ് വർക്കർ തസ്തികയിൽ നിയമിക്കപ്പെടുന്നവർക്ക് ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാത്രി ഡ്യൂട്ടി ഉണ്ടായിരിക്കുന്നതാണ്.
- നിയമന പ്രക്രിയയുടെ പൂർണ്ണ അധികാരം സെലക്ഷൻ കമ്മിറ്റിക്ക് മാത്രമായിരിക്കും. യാതൊരു കാരണവും കൂടാതെ വിജ്ഞാപനം റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സെലക്ഷൻ കമ്മിറ്റിയിൽ നിക്ഷിപ്തമായിരിയ്ക്കും.

അപേക്ഷകൾ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറുടെ കാര്യാലയം, വനിത ശിശു വികസന വകുപ്പ്, മൂന്നാം നില, മിനി സിവിൽ സ്റ്റേഷൻ, മഞ്ചേരി, 676121 (ഫോൺ നം : 04832978888 ) എന്ന വിലാസത്തിൽ അയയ്ക്കുകയോ, നേരിട്ട് സമർപ്പിക്കുകയോ ചെയ്യാവുന്നതാണ്. അപേക്ഷാ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ഉൾകൊള്ളിക്കുന്നു.

കൂടാതെ wcdkerala.gov.inഎന്ന വെബ് സൈറ്റിലും അപേക്ഷ ഫോറം ലഭ്യമാണ്.

DISTRICT CHILD PROTECTION UNIT ★ MINI CIVIL STATION ★ MANJERI P.O, MALAPPURAM DT - 676 121 Date.........

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ
&
കൺവീനർ സെലക്ഷൻ കമ്മിറ്റി

DISTRICT CHILD PROTECTION OFFICER
MANJERI, MALAPPURAM DT

DEPARTMENT OF WOMEN AND CHILD DEVELOPMENT

DISTRICT CHILD PROTECTION UNIT, MALAPPURAM

CHILD HELP LINE

APPLICATION FOR THE POST OF ..............................

PHOTO

1 NAME OF THE POST :

2 NAME OF THE CANDIDATE :

3 ADDRESS WITH PIN CODE :

4 RELIGION :

5 CASTE :

6 MOBILE NO :

7 EMAIL ID & Whatsup Number :

8 AGE & DOB (AS ON 01-06-2022) :

9 SEX :

10 QUALIFICATION

| QUALIFICATION | BOARD / UNIVERSITY | YEAR OF PASSING | % OF MARK/GRADE |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

11 DETAILS OF EXPERIENC

**DECLARATION**

I hereby declare that the details furnished above are true and correct to the best of my knowledge and in the event of my information being found false or incorrect, my candidature is liable to be cancelled.

Place: Name & Signature

Date: